(എ) തിരുവനന്തപുരം മൃഗശാലയിൽ ഇപ്പോൾ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; ഈ പണിയുടെ മൊത്തം അടങ്കൽ തുക എത്ര;

(ബി) ഈ പണികൾ എന്ന് പൂർത്തീകരിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) മൃഗശാല വേറെ ഏതെങ്കിലും സ്ഥലത്തേയ്ക്ക് മാറ്റുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എവിടേയ്ക്ക് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മൃഗശാലയിൽ ഇപ്പോൾ താഴെപറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ക്രമ. നം	പ്രവർത്തിയുടെ പേര്	അടങ്കൽ തുക
1.	മൃഗാശുപത്രിയുടെ നവീകരണം	22,54,000 രൂപ
2.	കാണ്ടാമൃഗം, ആന എന്നിവയ്ക്കു വേണ്ടിയുള്ള മോഡേൺ എൻക്ലോഷർ	64,34,000 രൂപ
3.	സാഗായ്മാനുകൾക്കുവേണ്ടിയുള്ള മോഡേൺ എൻക്ലോഷർ	5,68,715 രൂപ
4.	മൃഗശാല വളപ്പിലെ ചുറ്റുമതിൽ ഉയർത്തി കെട്ടുക	4,67,000 രൂപ
	ആകെ	**97,23,715 രൂപ**

(ബി) 1999 ഡിസംബറോടുകൂടി പണികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) തിരുവനന്തപുരം മൃഗശാല മാറ്റുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

40 (2731) തിരുവനന്തപുരം നഗരത്തിലെ ഹാളുകൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ സർക്കാർ അധീനതയിൽ ഉള്ള എത്ര ഹാളുകൾ സാംസ്കാരിക പരിപാടികൾക്കായി വാടകയ്ക്ക് കൊടുക്കാറുണ്ടെന്ന് വ്യക്തമാക്കുമോ; അവയുടെ ഇപ്പോഴുള്ള വാടക എത്രയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ വാടക അടുത്ത കാലയളവിൽ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് എന്ത് മാനദണ്ഡത്തിലാണ് വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) കൂട്ടിയ വാടക വീണ്ടും പഴയ നിരക്കിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5 ഹാളുകൾ സാംസ്കാരിക പരിപാടികൾക്കായി വാടകയ്ക്ക് കൊടുക്കാറുണ്ട്. വാടക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.†

(ബി) വി.ജെ.ടി. ഹാളിന്റെ വാടക വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഹാളിന്റെ പ്രാധാന്യവും സൗകര്യവും കണക്കിലെടുത്ത് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് വാടക പുതുക്കി നിശ്ചയിച്ചത്.

(ഡി) കുറവുവരുത്തുന്നകാര്യം പരിഗണനയിലില്ല.

41 (2732) വൻകിട ജലസേചനപദ്ധതികൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വൻകിട ജലസേചന പദ്ധതികൾ പൂർണമായി കമ്മീഷൻ ചെയ്തിട്ടുണ്ട്; ഭാഗീകമായി പൂർത്തിയാക്കിയ എത്ര പദ്ധതികൾ ഉണ്ട്; പൂർത്തീകരിക്കപ്പെടാത്ത എത്ര പദ്ധതികൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പണി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണ്; പദ്ധതികൊണ്ട് എത്ര സ്ഥലത്ത് ജലസേചനസൗകര്യം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) കേന്ദ്രസർക്കാരിന്റെ അനുമതിക്കായി എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച് എന്ത് നടപടികൾ ഇതുവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വൻകിട ജലസേചനമേഖലയിൽ പൂർണ്ണമായി കമ്മീഷൻ ചെയ്ത എട്ടുപദ്ധതികളും ഭാഗീകമായി പൂർത്തീകരിച്ച മൂന്നു പദ്ധതികളും നിർമ്മാണഘട്ടത്തിലിരിക്കുന്ന പൂർത്തീകരിക്കപ്പെടാത്ത രണ്ടു പദ്ധതികളുമുണ്ട്.

(ബി) പദ്ധതി പൂർത്തീകരണത്തിനാവശ്യമായ ഫണ്ട് കാലാകാലങ്ങളിൽ ലഭ്യമാക്കാൻ കഴിയാത്തതാണ് കാലതാമസത്തിനുള്ള പ്രധാന കാരണം. നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ ഭൂമി പൊന്നുംവിലക്ക് എടുക്കുന്നതിലുണ്ടാകുന്ന കാലതാമസവും കരാറുകാർ പണി ഇടയ്ക്കുവച്ച് നിർത്തിയിട്ടുപോകുന്നതുമൂലം ആ പണികൾ വീണ്ടും ടെൻഡർ ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസവും പദ്ധതികളുടെ പൂർത്തീകരണത്തിന് കാലതാമസം ഉണ്ടാക്കുന്നു. പൂർത്തിയാക്കപ്പെട്ട വൻകിട പദ്ധതികൾ മുഖേന 3,24,420 ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യം ലഭിക്കുന്നുമുണ്ട്. ഇപ്പോൾ നിർമ്മാണഘട്ടത്തിലുള്ള വൻകിട ജലസേചനപദ്ധതികൾ പൂർത്തിയാകുമ്പോൾ 2,25,353 ഹെക്ടർ സ്ഥലത്തുകൂടി ജലസേചനസൗകര്യം ലഭ്യമാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly